**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 510** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉല്പന്നങ്ങൾ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ,ഡീസൽ എന്നിവ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തിയാൽ ഇവയുടെ ഇപ്പോഴത്തെ വിലയിൽ കുറവ് ഉണ്ടാകുമോ ; എങ്കിൽ ഇവ എത്ര രൂപയ്ക്ക് പൊതുജനങ്ങൾക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (എ) | പരിശോധിച്ചിട്ടില്ല. |
| (ബി) | ഈ ഉത്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്നതിനെ സംസ്ഥാനം ജി.എസ്.ടി കൗൺസിൽ യോഗത്തിൽ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016 ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016 ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എന്നാൽ ചരക്കുസേവന നികതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടിയിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം ഭീമമായ നികതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014 ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഒരോ ലിറ്റർ പെട്രോളിൻമേലും ഡീസലിൻമേലും ചുമത്തിയിരുന്ന കേന്ദ്ര നികതികൾ യഥാക്രം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ / ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. ഇപ്രകാരമുള്ള കേന്ദ്ര നികുതി വർദ്ധനവ് ഒഴിവാക്കി പെട്രോൾ ഡീസൽ വില നിയന്ത്രിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് നിലവിൽ ഈടാക്കി വരുന്ന നികുതി, സെസ് , മറ്റിനങ്ങൾ എന്നിവ ഏതെല്ലാം ആണെന്നും എത്ര ശതമാനം വീതമാണെന്നും അറിയിക്കുമോ ? | (സി) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് നിലവിൽ ഈടാക്കി വരുന്ന നികുതി, സെസ്, മറ്റിനങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**<u>പെട്രോൾ</u>**

സംസ്ഥാന വിൽപന നികുതി - 30.08%
അധിക വിൽപന നികുതി - 1 രൂപ / ലിറ്റർ
സെസ്സ് - വിൽപന നികുതിയുടെയും അധികവിൽപന നികുതിയുടെയും 1%

**<u>ഡീസൽ</u>**

സംസ്ഥാന വിൽപന നികുതി - 22.76%
അധിക വിൽപന നികുതി - 1 രൂപ / ലിറ്റർ
സെസ്സ് - വിൽപന നികുതിയുടെയും അധികവിൽപന നികുതിയുടെയും 1%

**സെക്ഷൻ ഓഫീസർ**